# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 228 — 18-06-2014-ൽ മറുപടിയ്ക്ക്

## മാരകമായ 'മെർസ്' രോഗം കേരളത്തിലേയ്ക്ക് വ്യാപിക്കാതിരിക്കാൻനടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീമതി. കെ.എസ്.സലീഖ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കേരളീയർ ധാരാളമുള്ള സൗദി അറേബ്യയിൽ പടർന്നു പിടിച്ചിട്ടുള്ള മാരകമായ 'മെർസ്' കേരളത്തിലേയ്ക്ക് വ്യാപിക്കാതിരിക്കാനായി സർക്കാർ എന്തൊക്കെ കരുതൽ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ; | (എ) 'മെർസ്' രോഗത്തിന്റെ ചികിത്സ, പ്രതിരോധം മുതലായ വിഷയങ്ങളെക്കുറിച്ചുള്ള വിവരങ്ങളും സ്വീകരിക്കേണ്ട നടപടികളും അടങ്ങിയ സർക്കുലർ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർ മാർക്കും അയച്ചുകൊടുത്തിട്ടുണ്ട്. ഈ വിഷയത്തെക്കുറിച്ചുള്ള സംശയ നിവാരണവും വിശദമായ ചർച്ചയും കഴിഞ്ഞ രണ്ട് എസ്.എം.ഒ. കോൺഫറൻസുകളിൽ നടത്തി, ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നടപ്പിലാക്കേണ്ട നടപടികളെക്കുറിച്ചുള്ള വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 'മെർസ്' രോഗം ചികിത്സിക്കാനുള്ള ആശുപത്രികളുടെ തയ്യാറെടുപ്പും പ്രവർത്തനക്ഷമതയും വിലയിരുത്തി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. രോഗ നിർണ്ണയത്തിനുള്ള ലബോറട്ടറി പരിശോധനയ്ക്കുള്ള സംവിധാനം ഉറപ്പ് വരുത്തിയിട്ടുണ്ട്. |

[മറുപുറം]

(ബി) വിമാനത്താവളങ്ങളിൽ ഇതിനായി ഏതെങ്കിലും തരത്തിലുള്ള പരിശോധനാ സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ 3 അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും എയർപോർട്ട് മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ രോഗലക്ഷണങ്ങളോടുകൂടി എത്തുന്ന യാത്രക്കാരുടെ നിരീക്ഷണം നടന്നു വരുന്നു. യാത്രക്കാർക്ക് ഇതിനെക്കുറിച്ചുള്ള അറിവിനായി നോട്ടീസ് ബോർഡ്, വേണ്ടിവന്നാൽ സംശയ നിവാരണത്തിനും വിദഗ്ദ്ധ അഭിപ്രായത്തിനും കോണ്ടാക്ട് നമ്പറുകൾ എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ട്. എയർപോർട്ട് മെഡിക്കൽ ജീവനക്കാരുടെ സഹായത്തിന് ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നിയോഗിച്ചിട്ടുണ്ട്. ചികിത്സയ്ക്കായി പ്രധാന രണ്ട് ആശുപത്രികളെ ഓരോ വിമാനത്താവളത്തിനും നാമകരണം ചെയ്ത് കൊടുത്തിട്ടുണ്ട്.

(സി) ഈ രോഗം കണ്ടെത്താനായുള്ള വൈറസ് പരിശോധനാ സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ ?

(സി) ഉണ്ട്. സംസ്ഥാനത്ത് നിന്നും 'മെർസ്' പരിശോധനയ്ക്കുള്ള തൊണ്ടയിലെ സ്രവം, കഫം എന്നിവ പരിശോധനയ്ക്കായി ദേശീയ ഐ.ഡി.എസ്.പി. ശൃംഖലയിലുള്ള മണിപ്പാലിലെ എം.സി.വി.ആർ. ലാബിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ 5 വർഷമായി എച്ച്1 എൻ1പരിശോധന വളരെ കാര്യക്ഷമമായി ചെയ്ത അതേ മാതൃകയിലായിരിക്കും 'മെർസി'ന്റെയും പരിശോധന, ആരോഗ്യ വകുപ്പ് അയയ്ക്കുന്ന സാമ്പിളുകളുടെ പരിശോധന സൗജന്യമാണ്.

സെക്ഷൻ ഓഫീസർ